**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3166** 18-10-2016-ൽ **മറുപടിക്ക്**

**നിലംപേരൂർ ഭാഗത്ത് സബ് സ്റ്റേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തോമസ് ചാണ്ടി** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിലെ കായൽ നിലങ്ങളിൽ വൈദ്യുതി മുടക്കം പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശക്തമായ കാറ്റും മഴയും ഉള്ള ചില അവസരങ്ങളിൽ പോസ്റ്റുകൾ ചരിഞ്ഞ് വൈദ്യുതി മുടങ്ങാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥലത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് കുട്ടനാട്ടിന്റെ വടക്കൻ മേഖലകളിൽ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; | (ബി) & (സി) ഉണ്ട്. കാവാലം 66 കെ.വി. സബ്സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലം കരഭൂമി അല്ലാത്തതിനാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഈ ഭൂമി നികത്തുവാൻ അനുമതി ലഭിച്ചിട്ടില്ല. കാവാലം, നീലം പേരൂർ എന്നീ സ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) കാവാലം അല്ലെങ്കിൽ നിലംപേരൂർ ഭാഗത്ത് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | |

Kemalatha

സെക്ഷൻ ഓഫീസർ